# പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്

## പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള – ശനിയാഴ്ച തോറും
## Q&A 299
## നാമം-നാമരഹിതം NAME- NAMELESS

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം ചോദ്യോത്തരവേള നിങ്ങളെ സ്വാഗതം ചെയ്യുന്നു.

**Q. 299:**

നമ്മുടെ സനാതനധർമ്മ തത്വശാസ്ത്രത്തിൽ, പരസ്പരവിരുദ്ധങ്ങളായ പദങ്ങളുണ്ട്. അവ രണ്ടും ഒരേ പദവിയുള്ളവയും, ഒരേ പ്രാധാന്യവും വശ്യതയും ഉള്ളവയുമാണ്. ഉദാഹരണമായി, ഈശ്വരന് രൂപമുണ്ട്, 'സാകാരം'. ഈശ്വരന് രൂപമില്ല, 'നിരാകാരം'. ഈശ്വരന് ഗുണങ്ങൾ(attributes) ഉണ്ട്, 'സഗുണം'. ഈശ്വരന് ഗുണങ്ങളില്ല, അവിടുന്ന് 'നിർഗുണനാ'കുന്നു. സാകാരം, നിരാകാരം, സഗുണം, നിർഗുണം. ഈശ്വരന് ഒരു പേരുണ്ട്, 'നാമാ:', ഈശ്വരന് പേരില്ല, 'നാമരഹിതം'.



ഈ വിരുദ്ധപദങ്ങൾ പലപ്പോഴും നമ്മെ ആശയക്കുഴപ്പത്തിലാക്കിയേക്കാം. ഇതിനു കാരണം, ഒന്ന് മറ്റേതിനെ സ്വാംശീകരിക്കുന്ന അഥവാ ഒന്ന് മറ്റേതിനെ വ്യഞ്ജിപ്പിക്കുന്ന ഈ തത്വം, ഈ പദങ്ങളെ, പരസ്പരവിരുദ്ധമാക്കുന്നതിനേക്കാൾ പരസ്പരപൂരകമാക്കുകയാണ് എന്നതാണ്. പക്ഷേ എന്തായാലും, ഈ നാമം, നാമരഹിതം ഇവ അൽപനേരത്തേക്ക് പഠനവിധേയമാക്കേണ്ടതുണ്ട്, നമ്മുടെ തന്നെ പ്രയോജനത്തിനായി.

ശരിക്കും പറഞ്ഞാൽ, പരമ നിഗൂഢതയ്ക്ക് നാം പല പേരുകളും നൽകിയിട്ടുണ്ട്. എന്നിരുന്നാലും അടിസ്ഥാനപരമായി, വാസ്തവത്തിൽ, അതിന് പേരൊന്നുമില്ല. ഞാൻ പറയുന്നത് വ്യക്തമാണെന്ന് ഞാൻ കരുതുന്നു. പരമ യാഥാർത്ഥ്യത്തിന്, പരമ

രഹസ്യത്തിന് പല പേരുകളുണ്ട് എന്തുകൊണ്ടെന്നാൽ, വാസ്തവത്തിൽ അതിന് ഒരു പേരുമില്ല.
ആദ്യമേ, പേരുകളെക്കുറിച്ച് ഏതാനും സംഗതികൾ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം. മനുഷ്യന്റെ ഹൃദയത്തിൽ ആഴത്തിലുള്ള ഒരു ദാഹമുണ്ട്. ഈശ്വരനുവേണ്ടിയുള്ള ഒരു പ്രാർത്ഥനയുണ്ട് അവന്. പക്ഷേ 'അനാമ'മായ, പേരില്ലാത്ത ഒന്നിനെ എങ്ങനെ ക്ഷണിക്കാനാണ്? ഈശ്വരന്റെ പാദം പിടിച്ച് കരയാമെന്ന് നിങ്ങൾ കരുതിയാൽത്തന്നെ എവിടെയാണാ പാദങ്ങൾ? ഈശ്വരനുവേണ്ടിയുള്ള ഒരു ക്ഷോഭം നിങ്ങളുടെ സത്തയിൽ ഉണരുന്നതും നിങ്ങളറിഞ്ഞേക്കാം. പക്ഷേ എവിടെ പോകും? ഈ ഭാവം ഏതു ദിശയിൽ നിങ്ങൾ അഭിസംബോധന ചെയ്യും? നിങ്ങളുടെ പാദങ്ങൾ അവിടേക്ക് ഓടിച്ചെല്ലാൻ ആഗ്രഹിച്ചുവെന്നാലും, അതെവിടെയാണ് വസിക്കുന്നത്?

ഈശ്വരന് വിലാസമില്ല. അതിലേക്ക് നയിക്കുന്ന വഴിയൊന്നുമില്ല. അതിലേക്ക് ദിശയൊന്നുമില്ല എന്തുകൊണ്ടെന്നാൽ എല്ലാ ദിശകളും അതിനു സ്വന്തമാണ്. എല്ലാ മാർഗങ്ങളും ഈശ്വരന്റേതാണ്, ഓരോ ഇഞ്ച് സ്ഥലവും അവിടുത്തെ ക്ഷേത്രമാണ്. ഞാൻ ആവർത്തിക്കുന്നു, ഓരോ ഇഞ്ച് സ്ഥലവും അവിടുത്തെ ക്ഷേത്രമാണ്.

അപ്പോൾ മനുഷ്യൻ വലിയ പ്രയാസത്തിലാണ്, കാരണം മനുഷ്യന് ചലിക്കണമെങ്കിൽ അവന് നീങ്ങാൻ ഏതെങ്കിലും ഒരു ദിശ വേണം. ദിശയില്ലാത്തിടത്തേക്ക് നീങ്ങാൻ അവനെങ്ങനെ കഴിയും? അത്തരമൊരു മാർഗത്തിൽ ഒരുവന് എപ്രകാരം നടക്കാനാവും? എല്ലാ വഴികളും എത്തിച്ചേരുന്ന അഥവാ ഒരു വഴിയും എത്തിച്ചേരാത്ത ഒരു സ്ഥലത്തേക്ക് നടക്കുക അവനെ സംബന്ധിച്ച് അസാദ്ധ്യമായിരിക്കും! നമ്മുടെ സാഹചര്യം കേവലം സങ്കൽപിച്ചുനോക്കൂ!




ഒരു മനുഷ്യനെ എപ്പോൾ വിളിച്ചാലും, വിളിക്കാനായി അവന് ഒരു പേര് വേണം. പേര് കേവലമൊരു ഔപചാരികതയാവാം പക്ഷേ വിളിക്കാനായി അവന് ഒരു പേര് ആവശ്യമാണ്. എന്നിരുന്നാലും, ഈശ്വരന് ഒരു പേരില്ല. ഈശ്വരന്റെ കാര്യം പോവട്ടെ, യഥാർത്ഥത്തിൽ ഈ ലോകത്ത് ഒന്നിനും പേരില്ല. നമ്മൾ നൽകിയതാണ് എല്ലാ പേരുകളും, അത്രമാത്രം. നമ്മൾ ആ പേരുകൾ ഉപയോഗിക്കുന്നതിനു കാരണം, അത്

പ്രയോജനപ്രദമാണ്, പ്രായോഗികമാണ്, ഒരു ദൈനംദിന ആവശ്യമാണ് എന്നതാണ്. പേരുകൾ ഉപയോഗിക്കുന്നതിൽ ഒരു അപകടം കൂടിയുണ്ട്. പേരുകൾ ഒരുപാട് ഉപയോഗിക്കപ്പെടുമ്പോൾ, സാവധാനം നാമരഹിതമായ ആ വസ്തു അഥവാ വ്യക്തി ദ്വിതീയമായിത്തീരുന്നു, പേര് പ്രഥമമായിത്തീരുന്നു! ഇതിലെ തമാശ നോക്കൂ! വ്യക്തിയേക്കാൾ പേര് പ്രധാനപ്പെട്ടതായിത്തീരുന്നു.

ഒരു കുഞ്ഞ് ജനിക്കുമ്പോൾ അത് ഏതെങ്കിലും പേരുമായിട്ടല്ല വരുന്നത്. അവനൊരു ക്ലീൻ സ്ലേറ്റായിട്ടാണ് വരുന്നത്. പക്ഷേ ഇത്ര ബൃഹത്തായ ഒരു ലോകത്തിൽ ഏതെങ്കിലും ഒരു ലേബൽ ചാർത്തണം അതിനുമേൽ. ഇല്ലെങ്കിൽ അതിനോട് സംസാരിക്കുക ബുദ്ധിമുട്ടാവും. അതുമായി ആശയവിനിമയം ചെയ്യുക അസാദ്ധ്യമാവും. അപ്പോൾ നാം അതിന് ഒരു വ്യാജനാമം നൽകുന്നു, അപ്പോൾ എല്ലാ കാര്യവും എളുപ്പമാവുന്നു. ഒരുവന് അതിനെ വിളിക്കാൻ പറ്റുന്നു. അവനോട് അഥവാ അവനെപ്പറ്റി സംസാരിക്കാൻ കഴിയുന്നു. അപ്പോൾ അവനോട് സംവദിക്കുകയും പരാമർശിക്കുകയും ചെയ്യുന്നത് സാധ്യവും എളുപ്പവുമുള്ളതാകുന്നു. ഒരു കുഞ്ഞിനെപ്പറ്റി പരാമർശിക്കുന്നത് ശ്രമകരമാണെന്നുള്ളത് വളരെ കൗതുകകരമായ കാര്യമാണ്, പക്ഷേ അവാസ്തവമായ ഒരു പേര് സകല പാരസ്പര്യത്തിനും ബന്ധങ്ങൾക്കും അടിസ്ഥാനമായിത്തീരുന്നു.




എല്ലാ പേരുകളും മനുഷ്യനാൽ നൽകപ്പെടുന്നവയാണ്, വസ്തുക്കൾക്ക് അതേപടി പേരൊന്നുമില്ലെങ്കിൽക്കൂടി. പ്രപഞ്ചംതന്നെ നാമരഹിതമാണ്. എന്നാൽ പേരിന്റെ പ്രയോജനത്തിനൊപ്പം, മറ്റൊരു അപകടവുമുണ്ട്. ഒരു പേര് കൂടാതെ കുഞ്ഞിന് ജീവിക്കുക ബുദ്ധിമുട്ടായിരിക്കും. അങ്ങനെ ഒരു പേരുമായി ജീവിച്ച്, താൻ ഒരു പേരുമില്ലാതെയാണ് ജനിച്ചത്, ഒരു പേരുമില്ലാതെയാവും മരിക്കുന്നത് എന്ന വസ്തുത അവൻ സാവധാനം വിസ്മരിക്കും. എത്ര ശക്തമായി ആ പേര് അവനുമേൽ മുദ്രണം ചെയ്യപ്പെട്ടാലും, അതിന് അവന്റെ ആന്തരസത്ത(inner being)യിലേക്ക് പ്രവേശിക്കാൻ കഴിയില്ല. അവിടെ അവൻ നാമരഹിതനായി തുടരും. മറ്റുള്ളവർ അവനെ അവന്റെ പേര് വിളിച്ചുകൊള്ളട്ടെ, താൻ തന്റെ പേരാണെന്ന മിഥ്യാഭ്രമത്തിൽ അവൻ വീഴരുത്.

എന്നിരുന്നാലും, ഓരോരുത്തരും ഈ വ്യാമോഹത്തിൽ വീഴുന്നു, അപ്പോൾ മനുഷ്യൻ അതിനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു. ആളുകൾ പറയുക, അവർ അവരുടെ പേര്, അവരുടെ അന്തസ്സ്, അവരുടെ അംഗീകാരം ഇവ സംരക്ഷിക്കുന്നതി നുവേണ്ടി മരിക്കണം എന്നാണ്. അവരുടെ അന്തസ്സാണ് അവരുടെ എല്ലാം. ആരെ ങ്കിലും നിങ്ങളുടെ പേര് ശരിയായല്ല പറയുന്നത് എങ്കിൽപ്പോലും നിങ്ങൾക്ക് മുറി വേൽക്കുന്നു. ആരെങ്കിലും നിങ്ങളുടെ പേരിൽ നിസ്സാരമായ പിശക് വരുത്തിയാൽ പോലും, അത് നിങ്ങളെ അസ്വസ്ഥനാക്കുന്നു. പേര് നിങ്ങളുടെ ഒത്തിരി ആഴങ്ങളിലേ ക്ക് ഇറങ്ങിയിരിക്കുന്നതായി തോന്നുന്നു.

പ്രയോജനത്വം എന്ന നിലയ്ക്ക് ഇത് ശരിതന്നെ. പക്ഷേ അത് നിങ്ങളുടെ സ്വന്തം സത്തയായിത്തീർന്നിരിക്കുന്നു, ഇതിനിടയിൽ നിങ്ങളുടെ ശരിക്കുള്ള സത്ത പേരില്ലാ ത്തതാണെന്ന് നിങ്ങൾ മറന്നുപോയിരിക്കുന്നു. ഇതെക്കുറിച്ചുള്ള ഒരു പിടി ചിന്ത കൾക്ക് ദയവായി ഏതാനും നിമിഷങ്ങൾ ചെലവിട്ടാലും. ഒരു മനുഷ്യന് പേര് ആവശ്യ മാണ്, കാരണം പേരില്ലാതെ ജീവിക്കുന്നത് ബുദ്ധിമുട്ടായിരിക്കും. അപ്പോൾ അത് പ്രയോജനപര(utilitarian)മാണ്, അതിന്റെ പ്രയോജനപരത തള്ളിക്കളയാനാവില്ല. ഇതേപോലെ, പരമസത്യത്തിനായി ഒരുവൻ തെരയുമ്പോൾ, ആ സത്യത്തിന് ഒരു പേരിടണം എന്ന് അയാൾക്ക് തോന്നുന്നു. നോക്കൂ! സത്യത്തെയും നാമകരണം നട ത്തുന്നതിന് അയാൾ ആഗ്രഹിക്കുന്നു!

ഈ നാമങ്ങൾക്ക് അവയുടെ പ്രയോജനങ്ങളും അപകടങ്ങളും ഉണ്ട്. ഇക്കാരണത്താലാണ് ഋഷി സൂത്രങ്ങളിലൊന്നിൽ സൂചിപ്പി ക്കുന്നത്, ശിവൻ ആണ് അദ്ദേഹത്തിന്റെ പ്രിയപ്പെട്ട നാമം എന്ന്. പക്ഷേ നിർഭാഗ്യവശാൽ, ഉപനിഷത്തുകളിലെ തൊട്ടടുത്ത അധ്യാ യത്തിൽത്തന്നെ ഋഷി ചൂണ്ടിക്കാണിക്കുന്നുണ്ട്, ബാക്കി സകല നാമങ്ങളും ഒരേ സത്യത്തിന്റേതു തന്നെയെന്ന്.



ഒരു പേര് മാത്രമാണ് പ്രധാനം എന്ന തെറ്റിദ്ധാരണ ഒഴിവാക്കുന്നതിനുവേണ്ടി, ഋഷി പറയുന്നത് ഈശ്വരനെ ബ്രഹ്മാവ്, വിഷ്ണു, ശിവൻ, ഇന്ദ്രൻ, അക്ഷരബ്രഹ്മം, പരമൻ, വിരാട്, വിഷ്ണു, പ്രാണൻ, കാലാഗ്നി എന്നിങ്ങനെ പല പേരുകളും വിളിക്കപ്പെടു ന്നുണ്ട് എന്നാണ്. ഈ പേരുകളെല്ലാം ഈശ്വരന്റേതാണ്. ആയിരക്കണക്കിന് മറ്റു പേരുകളുമുണ്ട്. എന്നാൽ ഈ ചുരുക്കം പേരുകളിൽ, മറ്റെല്ലാ സാധ്യമായ നാമങ്ങളും ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇതാണ് പ്രധാന വസ്തുത.

ഉദാഹരണത്തിന്, ഹൈന്ദവചിന്തയിൽ ബ്രഹ്മാവ്, വിഷ്ണു, ശിവൻ ഇവയാണ് 3 വിഭാഗങ്ങൾ. ബാക്കിയെല്ലാ ഹൈന്ദവനാമങ്ങളും ഈ മൂന്നിൽ ഒന്നുമായി ബന്ധപ്പെട്ടതാണ്. ഇവയാണ് 3 വിഭാഗങ്ങൾ, ഈ മൂന്ന് അടിസ്ഥാനവിഭാഗങ്ങൾ പല തരത്തചന്റ ഉള്ളതിന് ഒരു കാരണമുണ്ട്. ഹൈന്ദവചിന്ത വളരെ ശാസ്ത്രീയമാണ്, വളരെ മന:ശാസ്ത്രപരമാണ്. പറയപ്പെട്ടതൊക്കെ എന്തായാലും ആ തരത്തിൽ പറയപ്പെട്ടിരിക്കുന്നതിന് കാരണം, അപ്രകാരം ചെയ്യേണ്ട വലിയ ആവശ്യകതയുള്ളതിനാലാണ്.

മനുഷ്യന്റെ മനസ്സിനെ 3 തരമായി തിരിക്കാം. 3 തരത്തിലുള്ള ആളുകളുണ്ട്, ആളുകളെ നാം വിഭജിച്ചാൽ 3 വിഭാഗങ്ങളുണ്ടാവും. ഹൈന്ദവചിന്തയിൽ 3 എന്ന സംഖ്യ വളരെ പ്രധാനമാണ്. ആദ്യമൊക്കെ ആളുകൾ കരുതിയത് അത് പ്രതീകാത്മകം മാത്രമാണ് എന്നാണ്, എന്നാൽ ശാസ്ത്രം ദ്രവ്യത്തിനുള്ളിലേക്ക് ആഴ്ന്നിറങ്ങിയപ്പോൾ 3 എന്ന സംഖ്യ പ്രധാനമാണെന്ന് അവർ തിരിച്ചറിയുകയുണ്ടായി.



ആറ്റം വിഭജിക്കപ്പെട്ടപ്പോൾ, അതിൽ 3 കണങ്ങളുണ്ട് എന്ന് അവർ കണ്ടെത്തി-ഇലക്ട്രോൺ, ന്യൂട്രോൺ, പ്രോട്ടോൺ. ഇവ മൂന്നും പ്രപഞ്ചത്തിന്റെ അടിസ്ഥാന നിർമ്മാണശിലകളാണ്. ഈ മൂന്ന് നിർമ്മാണശിലകളിൽനിന്നാണ് സമസ്ത ലോകവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

നാം പ്രപഞ്ചത്തെ വിഭജിക്കുകയും പുനർവിഭജിക്കുകയും ചെയ്താൽ, നാം 3 എന്ന അടിസ്ഥാനസംഖ്യയിലെത്തും. ഈ മൂന്നിനെ നാം വിഭജിച്ചാൽ, ഒന്നും തന്നെ അവശേഷിക്കില്ല-ഒന്നുമില്ലായ്മ മാത്രം. ഇല്ലായ്മ മാത്രം അവശേഷിക്കും. നാം ഈ ഇല്ലായ്മയെ 'ശൂന്യത' എന്നു വിളിച്ചു, ഒഴിഞ്ഞത്(the void), കേവല സത്യം, നാമരഹിതം എന്ന് അർത്ഥം.

അപ്പോൾ ഈ ലോകത്തുണ്ടായ ആദ്യത്തെ ത്രിത്വം(the first Trinity), ഹിന്ദുക്കൾ 'ബ്രഹ്മാവ്, വിഷ്ണു, ശിവൻ' എന്ന് വിളിച്ചതാണ്. അവയെ ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നു വിളിച്ചതിലും മറ്റു തരത്തിൽ ആഴത്തിലുള്ള പൊരുളുണ്ട്. കേവലം 3 എന്ന സംഖ്യയുടെ ഒരു പ്രശ്നം മാത്രമല്ല അത്. ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ ഇവ സൂചിപ്പിക്കുന്നതെന്തോ അതുതന്നെയാണ് ഈ മൂന്ന് പദങ്ങളും സൂചിപ്പിക്കുന്നത്.

ശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ, ഈ പ്രപഞ്ചത്തിന്റെ അടിസ്ഥാന നിർമ്മാണശില കളായ 3 ഇലക്ട്രിക് കണികകളിൽ ഒന്ന് പോസിറ്റീവാണ്, ഒന്ന് നെഗറ്റീവാണ്, മൂന്നാമത്തേത് ന്യൂട്രലാണ്. ഇതുപോലെ ബ്രഹ്മാവ്, വിഷ്ണു, ശിവൻ ഇവരുടെ കാര്യത്തിലും ഒന്ന് പോസിറ്റീവാണ്, ഒന്ന് നെഗറ്റീവാണ്, മൂന്നാമത്തേത് ന്യൂട്രലാണ്. നോക്കൂ!



ഹൈന്ദവചിന്ത, ധാരണ അനുസരിച്ച് ബ്രഹ്മാവ് പോസിറ്റീവാണ്. ഹൈന്ദവമനസ്സ് ബ്രഹ്മാവിനെ പ്രപഞ്ചത്തിന്റെ സൃഷ്ടാവായാണ് ദർശിക്കുന്നത്. അവിടുന്നാണത് സൃഷ്ടിക്കുന്നത്. അവിടുന്നാണ് കാരണഭൂതൻ, പോസിറ്റീവ് ധ്രുവം. ശിവൻ സംഹാരിയാകുന്നു, അതുകൊണ്ട് അവിടുന്ന് നെഗറ്റീവ് ധ്രുവമാകുന്നു. ഈ ഭാവമാണ് വിശ്വത്തെ ലയിപ്പിക്കുന്നത്, അവസാനിപ്പിക്കുന്നത് അഥവാ നശിപ്പിക്കുന്നത്. വിഷ്ണു ഈ രണ്ടിനും ഇടയ്ക്കാണ്. അവിടുന്ന് ന്യൂട്രലാകുന്നു. അവിടുന്ന് പരിപാലിക്കുന്നു. അവിടുന്ന് സൃഷ്ടിക്കുന്നുമില്ല, സംഹരിക്കുന്നുമില്ല. അവിടുന്ന് നടുക്കുള്ള പിന്തുണ മാത്രമാണ്. സൃഷ്ടി നിലനിൽക്കുവോളം, അവിടുന്ന് സമഭാവത്തോടെ അതിനെ പരിപാലിക്കുന്നു.

'ന്യൂട്രോണുകൾ', 'പ്രോട്ടോണുകൾ' എന്നീ പദങ്ങൾക്കും മൂല്യമില്ല, കാരണം അവ നൽകപ്പെട്ട പേരുകളാകുന്നു. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ പേരുകൾക്കും മൂല്യമില്ല, എന്തുകൊണ്ടെന്നാൽ അവയും നൽകപ്പെട്ട പേരുകളാകുന്നു. പക്ഷേ ശാസ്ത്രം ഒരു പേര് നൽകുമ്പോൾ, അത് മതം ഒരു പേര് നൽകുന്നതിൽനിന്ന് വ്യത്യസ്തമാണ്. വ്യത്യാസം എന്തെന്നാൽ, ശാസ്ത്രം പേരുകൾ നൽകുമ്പോൾ അത് വ്യക്തിപരമാവില്ല, അതേസമയം മതം പേരുകൾ നൽകുമ്പോൾ അവ വ്യക്തിപരമാവും.

നാമകരണം ചെയ്യപ്പെട്ടതെന്തോ അതെക്കുറിച്ച് മതം നൽകിയ പേരുകൾ എന്തെങ്കിലും പറയണം എന്നത് മതത്തിന് വലിയ ഉത്കണ്ഠയുള്ള കാര്യമൊന്നുമല്ല. അതിനേക്കാൾ ഉത്കണ്ഠയുള്ളത്, പേര് വഹിക്കുന്ന വ്യക്തിക്ക് പേര് നൽകപ്പെട്ട സംഗതിയുമായുള്ള ബന്ധത്തെ കുറിച്ചാണ്. ശാസ്ത്രനാമങ്ങളും മതനാമങ്ങളും തമ്മിലുള്ള വ്യത്യാസം ഇതാണ്. ഒന്ന് വ്യക്തിപരമല്ല(impersonal), അതേസമയം മറ്റേത് വ്യക്തിപരമാണ്. അതുകൊണ്ട്, ഒരു പക്ഷേ ഈശ്വരന് ഒരു വ്യക്തിത്വം നൽകപ്പെട്ടതിനുള്ള കാരണം ഇതാവാം.

നിങ്ങൾക്ക് ഒരു ന്യൂട്രോണുമായി ബന്ധം സ്ഥാപിക്കാനാവില്ല. നിങ്ങൾക്കതിനെ ലബോറട്ടറിയിൽ ഉപയോഗപ്പെടുത്താം. നിങ്ങൾക്കതിനെ ചലിപ്പിക്കാം, വിശകലനം




ചെയ്യാം. പക്ഷേ ഇതൊന്നും ന്യൂട്രോണുമായി ഒരു ബന്ധം സൃഷ്ടിക്കില്ല, കാരണം അതൊരു വ്യക്തിയല്ല. എന്നുവരികിലും നിങ്ങൾക്ക് ശിവനുമായി ബന്ധം സ്ഥാപിക്കാം, കാരണം അവിടുന്നൊരു വ്യക്തിയാണ്. ഇതാണ് ശാസ്ത്രവും മതവും ഉപയോഗിക്കുന്ന പദാവലികൾ തമ്മിലുള്ള അടിസ്ഥാന വ്യത്യാസം. ശാസ്ത്രം ഉപയോഗിക്കുന്ന പദങ്ങൾ വ്യക്തിപരമല്ല. മതം ഉപയോഗിക്കുന്ന പദങ്ങൾ വ്യക്തിപരമാണ്. മതം ഉപയോഗിക്കുന്ന പദങ്ങൾ മനുഷ്യത്വാരോപണ(personifications)ങ്ങളാണ്. അവ ഒരു വ്യക്തിയുടെ രൂപം ഉണർത്തുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി. നമ്മൾ അടുത്ത വേള തുടരും.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)